**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5717** | **13-08-2021 - ൽ മറുപടിയ്ക്ക്**

**ജലസംഭരണികളിലെ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലസംഭരണികളിലെ മത്സ്യകൃഷിയുടെ സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യോത്പാദനം വർദ്ധിപ്പിക്കുവാൻ ജലസംഭരണികളെ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ജലസംഭരണികളിൽ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic catfish, കുയിൽ മത്സ്യം, വരാൽ, കരിമീൻ, കറൂപ്പ് തുടങ്ങിയ വിഭാഗത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ 8 റിസർവോയറുകളിലായി മേൽപ്പറഞ്ഞ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന 27,45,230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനാണ് പദ്ധതിയിടുന്നത്. കൂടാതെ PMMSYപദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമുഴി, കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള "കൂടിലെ മത്സ്യകൃഷി" പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ RKI പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിൽ 320 ലക്ഷം രൂപ അടങ്കൽ വരുന്ന കൂട് കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ ജലസംഭരണികളിലെ മത്സ്യകൃഷിയുടെ സാധ്യത | (സി) | വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ ജലസംഭരണികളിലെ മത്സ്യകൃഷിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് കേരള റിസർവോയർ |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;? | | ഫിഷറീസ് ഡെവലപ്മെൻറ് പ്രോജക്റ്റ് (KRFDP) ന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം വന്യജീവി സങ്കേതങ്ങൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ ജില്ലയിലെ പീച്ചി, വാഴാനി, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, ഭൂതത്താൻകെട്ട്, ഇടുക്കി, തെൻമല തുടങ്ങിയ റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന 27,45,230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ